സ്മാർട്ട് ഒപ്റിക്കൽ കാർഡിന് ടെണ്ടർ നൽകിയതിലെ ക്രമക്കേടുകൾ

118 [2255] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാഹനങ്ങളുടെ ആർ. സി. ബുക്കിനും ഡ്രൈവിംഗ് ലൈസൻസിനും പകരം ഇലക്ട്രോണിക് കാർഡ് നൽകാൻ ഉദ്ദേശമുണ്ടോ;

(ബി) ആർ. സി. ബുക്കിനും ഡ്രൈവിംഗ് ലൈസൻസിനും ഉപയോഗിക്കേണ്ട ഇലക്ട്രോണിക് കാർഡുകളെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങളുണ്ടോ; എങ്കിൽ നിർദ്ദേശങ്ങൾ വ്യക്തമാക്കാമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചാണ് ആർ. സി. ബുക്കിനും ഡ്രൈവിംഗ് ലൈസൻസിനും സംസ്ഥാനം ടെണ്ടർ വിളിച്ചിട്ടുള്ളതെന്ന് ചില പത്രങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്;

(ഡി) സ്മാർട്ട് കാർഡ് ഒഴിവാക്കി സ്മാർട്ട് ഒപ്റിക്കൽ കാർഡിനു വേണ്ടി കേരള ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് ടെണ്ടർ വിളിച്ചത് എന്തുകൊണ്ടാണ്;

(ഇ) ഈ ടെണ്ടറിന്റെ തെറ്റായ വശങ്ങൾ മനസ്സിലാക്കി ഗവൺമെന്റിനും ജനങ്ങൾക്കും നഷ്ടം വരുത്തുന്ന രീതിയിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ് രൂപത്തിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സ്മാർട്ട് ഒപ്റിക്കൽ കാർഡ് രൂപത്തിലും നൽകുവാൻ ഉദ്ദേശിക്കുന്നു.

(ബി) കേന്ദ്ര സർക്കാർ 10.8.2004-ൽ പുറപ്പെടുവിച്ച ജി.എസ്.ആർ. 513(ഇ)-ലെ നിർദ്ദേശങ്ങൾ പ്രകാരമാണ് ആർ. സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും സ്മാർട്ട് ഒപ്റിക്കൽ കാർഡ്, സ്മാർട്ട് കാർഡ് രൂപത്തിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. †

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ നിർദ്ദേശം അനുസരിച്ച് മാത്രമാണ് ടെണ്ടർ വിളിച്ചിട്ടുള്ളത്.

(ഡി) സ്മാർട്ട് കാർഡ് ഒഴിവാക്കിയിട്ടില്ല. ഡ്രൈവിംഗ് ലൈസൻസുകൾക്ക് സ്മാർട്ട് കാർഡും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾക്ക് സ്മാർട്ട് ഒപ്റിക്കൽ കാർഡും നൽകാൻ ഉദ്ദേശിച്ചുകൊണ്ടാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

(ഇ) കേന്ദ്ര സർക്കാരിന്റെ പുതുക്കിയ നിർദ്ദേശങ്ങൾക്കും സ്റാൻഡേർഡുകൾക്കും വിധേയമായി മാത്രമാണ് ടെണ്ടറുകൾ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ ഗവൺമെന്റിനും ജനങ്ങൾക്കും നഷ്ടം വരുത്തുന്ന ഒരു നടപടിയും ഉണ്ടായിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly